LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൽ ഉൾപ്പെടുത്തി ജല അതോറിറ്റിയുടെ പരിശോധനാ ലാബുകളുടെ നിലവാരം മെച്ചപ്പെടുത്തി NABL അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു, ആയതിന്റെ ഭാഗമായി നിലവിൽ 8 ജില്ലാ ലാബുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഫീൽഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് ഗ്രാമീണ മേഖലയിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജലനിധി കുടിവെള്ള പദ്ധതികളുടെ ഉറവിടവും പരിസരവും മാലിന്യ മുക്തമായും, ഉറവിടത്തിൽ മാലിന്യം കലർന്ന ജലം എത്തിച്ചേരാതെയും സംരക്ഷിക്കുന്നു. കൂടാതെ ഉറവിടം തെരഞ്ഞെടുക്കുന്നതിന് മുന്നോടിയായി ടി സ്രോതസ്സിലെ ജലം ഭൗതിക, രാസ, സൂക്ഷ്മാണു ഘടകങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് സ്രോതസ്സ് നിശ്ചയിക്കുന്നത്. ഓരോ സ്രോതസ്സിൽ നിന്നും ലഭിക്കുന്ന ജലത്തിന്റെ ഗുണനിലവാരം അനുസരിച്ച് ആവശ്യമായ ശുദ്ധീകരണ പ്രക്രിയകളും ക്ലോറിനേഷനും നടത്തി അണുവിമുക്തമാക്കിയാണ് വിതരണത്തിന് തയ്യാറാക്കുന്നത്. ജലനിധി പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികൾ ആണ് നിർവ്വഹിക്കുന്നത്. കാലാകാലങ്ങളിൽ ഗുണഭോക്തൃ സമിതികൾ അംഗീകൃത ലാബുകളിൽ കുടിവെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്.

വാട്ടർ അതോറിറ്റിയിലെ കരാർ ജീവനക്കാർ

208(514) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റിയിൽ പമ്പ് ഹൗസുകളിൽ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന എത്ര ജീവനക്കാർ ഉണ്ട്; ഇപ്പോൾ ഓട്ടോമാറ്റിക് മെഷീൻ സമ്പ്രദായം ആയപ്പോൾ അവരുടെ നഷ്ടപ്പെട്ട തൊഴിൽ സംരക്ഷിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ?

വാട്ടർ അതോറിറ്റിയിൽ പമ്പ് ഹൗസുകളിൽ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ ആരെയും നേരിട്ട് നിയമിക്കാറില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റി രൂപീകൃതമായതിനുശേഷം ഇതുവരെ നിരവധി ജലവിതരണ പദ്ധതികൾ നിലവിൽ വന്നെങ്കിലും ഓപ്പറേറ്റർ, വർക്കർ തുടങ്ങിയ വിഭാഗങ്ങളിൽ ആനുപാതികമായി തസ്തിക സൃഷ്ടിക്കൽ ഉണ്ടാകാത്ത സാഹചര്യത്തിലും പുതിയ ജലവിതരണ പദ്ധതികൾ പ്രവർത്തിപ്പിക്കേണ്ട അനിവാര്യ സാഹചര്യത്തിലും ഓപ്പറേറ്റർ/വർക്കർ വിഭാഗത്തിൽ സ്ഥിരം നിയമനം ഉണ്ടാകുന്നതുവരെയുള്ള സാവകാശം എടുക്കുവാൻ സാധ്യമല്ലാത്തതിനാലും വാട്ടർ അതോറിറ്റിയിലെ

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം ജലവിതരണ പദ്ധതികളുടെ നടത്തിപ്പിനായി കരാറുകാർ മുഖേന തൊഴിലാളികളെ ഏർപ്പെടുത്തി വരുന്നു. ഇത്തരം പദ്ധതികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രതിഫലം അത്തരത്തിൽ പ്രവർത്തിപ്പിക്കപ്പെട്ട ആകെ ഷിഫ്റ്റുകളുടെ അടിസ്ഥാനത്തിൽ കരാറുകാർക്ക് നൽകുകയും അവർ അതു തൊഴിലാളികൾക്ക് നൽകുകയും ചെയ്യുന്നു. സ്ഥിരം ജീവനക്കാരുടെ തസ്തികയില്ലാത്ത പമ്പ് ഹൗസുകളിലെ ഡ്യൂട്ടി, സ്ഥിരം ജീവനക്കാർ ഉള്ള സ്ഥലങ്ങളിൽ അവരുടെ ലീവ് / ഓഫ് എന്നിവ പരിഗണിച്ച് നൽകുന്ന ഡ്യൂട്ടി, മറ്റ് അടിയന്തിര സാഹചര്യങ്ങളിൽ (വരൾച്ച കാരണം അധിക പമ്പിംഗ് ഏർപ്പെടുത്തേണ്ടി വരിക, പമ്പ് ഹൗസിൽ വാൽവ് ക്രമീകരണം നടത്തി ജലവിതരണം നടത്തുക തുടങ്ങിയവ) വരുന്ന അധിക ഡ്യൂട്ടി എന്നിവയെല്ലാം ചേർത്താണ് ഒരു കുടിവെള്ള പദ്ധതിയുടെ ശേഷിക്കനുസൃതമായി ഇത്തരത്തിൽ ഷിഫ്റ്റ് ഡ്യൂട്ടിക്ക് തൊഴിലാളികളെ കരാറുകാർ മുഖേന ആവശ്യാനുസരണം ഏർപ്പെടുത്തുന്നത്. ഇത്തരത്തിൽ പ്രവർത്തിപ്പിക്കപ്പെടുന്ന പദ്ധതികളിൽ തൊഴിലാളികളുടെ എണ്ണത്തെക്കാൾ ഷിഫ്റ്റ് ഡ്യൂട്ടിക്കാണ് പ്രാധാന്യം എന്നതിനാൽ തന്നെ ഇത്തരത്തിലുള്ള തൊഴിലാളികളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്താറില്ല. ഇത്തരത്തിൽ കരാറുകാർ ഏർപ്പെടുത്തുന്ന തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ നൽകാനാവില്ലെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്.

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ

209(515) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ മുഖേന വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

വള്ളിക്കുന്ന് മണ്ഡലത്തിലെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നത് ലക്ഷ്യമിട്ട് മുന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം, വള്ളിക്കുന്ന് എന്നീ നാല് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിയും ചീക്കോട് കുടിവെള്ള പദ്ധതിയിൽനിന്നും പള്ളിക്കൽ പഞ്ചായത്തിലെ എല്ലാ വീടുകളിലും കണക്ഷൻ നൽകുന്നതിനുള്ള പദ്ധതിയും, കടലുണ്ടിപുഴയിലെ പാറക്കടവിൽ നിലവിലുള്ള കിണറും പമ്പ്ഹൗസും ഉപയോഗപ്പെടുത്തി ജല ശുദ്ധീകരണശാലയും ടാങ്കുകളും വിതരണ ശൃംഖലയും സ്ഥാപിച്ച് പെരുവള്ളൂർ പഞ്ചായത്തിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.